**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4758</u>** **<u>02-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>മുതലപ്പൊഴി തുറമുഖത്തിലെ പുലിമുട്ടിൽ ഉണ്ടാകുന്ന അപകടങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുതലപ്പൊഴി തുറമുഖത്തിൽ പുലിമുട്ടിലെ ടെട്രാപോഡുകളും പാറകളും ഒഴുകി കടലിൽ എത്തിയതു അപകടം സൃഷ്ടിക്കുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവമായി കാണുന്നുണ്ടോ; | (എ) | 2021-ൽ ഉണ്ടായിട്ടുള്ള ടൗട്ടേ ചുഴലിക്കാറ്റ്, 2022-ലെ മഴക്കാലത്തുണ്ടായ കടൽക്ഷോഭം എന്നിവ മൂലം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ടിന്റെ അഗ്രഭാഗം തകരുകയും കല്ലുകൾക്കും ടെട്രാപോഡുകൾക്കും സ്ഥാനഭ്രംശം സംഭവിച്ച് കവാടത്തിലും ചാനലിലും ചിതറി വീണ് മത്സ്യബന്ധന യാനങ്ങൾക്ക് അപകടം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31/07/2023-ന് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ടി കല്ലുകളും ടെട്രാപോഡുകളും അടിയന്തരമായി നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. M/s അദാനി പോർട്സും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും തമ്മിലുണ്ടാക്കിയ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ലോങ്ബൂം ക്രയിൻ ഉപയോഗിച്ച് ചാനലിൽ ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുന്ന പ്രവൃത്തി 80% പൂർത്തീകരിച്ചിട്ടുണ്ട്. അടിത്തട്ടിൽ കിടക്കുന്ന കല്ലുകൾ ഡ്രഡ്ജിംഗ് പൂർത്തീകരിക്കുന്നതിനൊപ്പം നീക്കം ചെയ്യുന്നതാണ്. |
| (ബി) | മുതലപ്പൊഴി തുറമുഖത്തിൽ നിന്നും മണലും കല്ലും നീക്കി ആഴം കൂട്ടാനുള്ള ചുമതല അദാനി ഗ്രൂപ്പ് ഓഫ് കമ്പനീസിനാണോ നൽകിയിട്ടുള്ളത്; അറിയിക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനുള്ള കല്ലുകൾ ബാർജ്ജ് വഴി കടൽ മാർഗ്ഗം കൊണ്ടുപോകുന്നതിന് മുതലപ്പൊഴി ഹാർബറിന്റെ തെക്കേ പുലിമുട്ട് പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന് 2019-20 കാലയളവിൽ M/s അദാനി പോർട്ട്സിന് അനുമതി നൽകിയിരുന്നു. ഇതിനായി M/s. അദാനി പോർട്ട്സുമായി 10/04/2018- ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഒപ്പ് വെച്ച ധാരണാപത്ര പ്രകാരം മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ മൗത്തിലും ചാനലിലും 5മീറ്ററും ഹാർബർ ബേസിനിൽ 3മീറ്ററും ആഴം ഉറപ്പാക്കണമെന്നും, ബ്രേക്ക് വാട്ടറിന് എന്തെങ്കിലും |

| | | | |
|---|---|---|---|
| | | | കേടുപാടുകൾ സംഭവിച്ചാൽ ആയതും പരിഹരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഇതുപ്രകാരം മെസ്സേ. അദാനി പോർട്സ് മുതലപ്പൊഴി ഹാർബറിന്റെ ചാനലിൽ ഡ്രെഡ്ജിംഗ് നടത്തി വരുന്നു. ചാനലിൽ ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുന്ന പ്രവൃത്തി 80% പൂർത്തീകരിച്ചിട്ടുണ്ട്. MoU പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാൻ മെസ്സേ. അദാനി പോർട്ട്സിന് കഴിയാത്ത സാഹചര്യത്തിൽ ധാരണപത്ര കാലാവധി 11/06/2024 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. ടി കാലയളവിലും മെസ്സേ. അദാനി പോർട്സിന് മത്സ്യബന്ധന തുറമുഖത്ത് MoU പ്രകാരമുള്ള ആഴം എത്താൻ കഴിയാത്ത സാഹചര്യത്തിൽ MoU ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത കമ്പനി പ്രസ്തുത ചുമതല കൃത്യമായി നിർവ്വഹിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | മെസ്സേ. അദാനി പോർട്സ് ഹാർബർ എൻജിനീയറിംഗ് വകുപ്പുമായി ഉണ്ടാക്കിയ ധാരണപത്രപ്രകാരം 2022 ഏപ്രിൽ അവസാനം വരെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്ത് ഡ്രഡ്ജിംഗ് പ്രവൃത്തി നടത്തിയിരുന്നു. 2021 വർഷത്തെ ടൗട്ടേ ചുഴലിക്കാറ്റ്, 2022 വർഷത്തെ മഴക്കാലത്തുണ്ടായ കടൽക്ഷോഭം എന്നിവ മൂലം മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ തെക്കേ പുലിമുട്ടിന്റെ ഹെഡ് തകരുകയും ടെട്രോപോഡുകൾക്ക് സ്ഥാനഭ്രംശം സംഭവിച്ച് പ്രവേശന കവാടത്തിലും ചാനലിലും ചിതറിവീഴുകയുമുണ്ടായി. ഇപ്രകാരം ചാനലിൽ ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രോപോഡും മത്സ്യത്തൊഴിലാളികളുടെ ജീവനും സുരക്ഷയ്ക്കും ഭീഷണിയായതിനെ തുടർന്ന് 31/07/2023-ന് മത്സ്യബന്ധന വകുപ്പ് മന്ത്രി, ഗതാഗത വകുപ്പ് മന്ത്രി, പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ചാനലിൽ ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രോപോഡുകളും അടിയന്തരമായി നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ചാനലിൽ അഞ്ച് മീറ്റർ ആഴം ഉറപ്പാക്കുന്നതിനും ചാനലിൽ ബോയ സ്ഥാപിക്കുന്നതിനും മെസ്സേഴ്സ് അദാനി പോർട്ട്സിന് നിർദ്ദേശം നൽകിയത് പ്രകാരം ലോങ്ങ് ബൂം ക്രെയിൻ ഉപയോഗിച്ച് ചാനലിൽ ചിതറികിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുന്ന പ്രവൃത്തി 80% പൂർത്തീകരിച്ചിരുന്നു.<br><br>03/01/2024, 20/01/2024, 01/04/2024 എന്നീ തീയതികളിൽ ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗുകളിൽ അദാനി മുഖേനയുള്ള ഡ്രഡ്ജിംഗ് |

| | | | |
|---|---|---|---|
| | | | പ്രവൃത്തിയുടെ പുരോഗതി വളരെ കുറവാണെന്ന് വിലയിരുത്തുകയുണ്ടായി. യോഗത്തിലെ തീരുമാനപ്രകാരം M/s അദാനിയുമായുള്ള ധാരണപത്ര കാലാവധി 11/06/2024 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു.<br><br>02/05/2024 തീയതിയിൽ ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പ് മന്ത്രിയുടെയും, തുറമുഖ വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ വീണ്ടും യോഗം ചേരുകയും സക്ഷൻ ഡ്രഡ്ജർ എത്തിച്ച് മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ ചാനലിൽ ഡ്രഡ്ജിംഗ് ആരംഭിക്കാനും അടിയന്തിര പരിഹാരനടപടിയായി 5 ലോങ്ബൂം എക്സ്കവേറ്റർ ഉടൻ തന്നെ എത്തിച്ച് മണ്ണ് നീക്കം ചെയ്യാനും മെസ്സേഴ്സ്. അദാനി പോർട്ട്സിന് നിർദ്ദേശം നൽകി. ഇത് പ്രകാരം മൂന്ന് ലോങ്ബൂം എസ്കവേറ്ററും രണ്ട് ഷോർട്ട്ബൂം എസ്കവേറ്ററും ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്ത് വരുന്നു. നിലവിലെ സാഹചര്യത്തിൽ ചാനലിൽ സക്ഷൻ ഡ്രഡ്ജർ ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത് എന്നാണ് അദാനി പോർട്ട്സി-ന്റെ നിലപാട്.<br><br>ദീർഘിപ്പിച്ച കാലയളവിലും ധാരണാപത്രപ്രകാരമുള്ള ആഴം ഉറപ്പാക്കുവാൻ M/s. Adani Ports-ന് കഴിയാത്ത സാഹചര്യത്തിൽ മണ്ണ് നീക്കം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടത്തി അതിന്റെ ചെലവ് അദാനി പോർട്ട്സ് വഹിക്കുന്ന തരത്തിൽ പ്രവൃത്തി നടത്തുന്നത് സംബന്ധിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, VISL, അദാനി പോർട്ട്സ് എന്നിവരുമായി ചർച്ച നടത്തി നിർദ്ദേശം സമർപ്പിക്കുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ